14-10-2026

Point of Order

ക്രമപ്രശ്നം

ധനകാര്യ മെമ്മോറാണ്ടത്തിലെ അവ്യക്തത

ശ്രീ. കെ. പ്രേംകുമാർ: സർ, ഇന്ന് സഭയുടെ പരിഗണനയ്ക്കുവരുന്ന 2026-ലെ കേരള മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ ഭേദഗതി ബില്ലിനെ സംബന്ധിച്ചുള്ള ക്രമപ്രശ്നമാണ് ഞാൻ ഉന്നയിക്കുന്നത്. ബില്ലിന്റെ ഉദ്ദേശകാരണങ്ങളുടെ വിവരണത്തിൽ സ്റ്റേറ്റ്മെന്റ് ഓഫ് ഒബ്ജക്ട്സ് ആൻഡ് റീസൺസ് സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലും അംഗീകൃത വാഹന പിടിച്ചെടുക്കൽ യാർഡുകൾ (Approved Vehicle Seizure Yards) സ്ഥാപിക്കാൻ സർക്കാർ തീരുമാനിച്ചതായി വ്യക്തമാക്കുന്നുണ്ട്. എന്നാൽ ഭൂമി ഏറ്റെടുക്കുന്നതിനോ യാർഡിന്റെ ദൈനംദിന നടത്തിപ്പിനോ സാമ്പത്തിക ബാധ്യത അനിവാര്യമാണെന്നിരിക്കെ ഇതിനായി സംസ്ഥാന സഞ്ചിത നിധിയിൽനിന്ന് യാതൊരു അധികചെലവും ഉണ്ടാകില്ലെന്നാണ് ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ സഞ്ചിത നിധിയിൽനിന്നുള്ള ചെലവുകൾ സംബന്ധിച്ച് കൃത്യമായ വിവരണങ്ങൾ നൽകണമെന്ന നിയമസഭാ ചട്ടത്തിന്റെ ലംഘനവും സഭയെ

തെറ്റിദ്ധരിപ്പിക്കുന്നതുമാണിത്. കൂടാതെ ബില്ലിലൂടെ പുതുതായി ഏർപ്പെടുത്തുന്ന റിമൂവൽ ഫീസ്, സ്റ്റോറേജ് ഫീസ് എന്നിവ സർക്കാരിന്റെ വരുമാനമായി സംസ്ഥാന സഞ്ചിത നിധിയിലേക്ക് മുതൽക്കൂട്ടുമോ അതോ സ്വകാര്യ യാർഡ് നടത്തിപ്പുകാർക്ക് നേരിട്ട് ലഭിക്കുമോയെന്ന കാര്യത്തിൽ ബിൽ മൗനം പാലിക്കുകയാണ്. നിർദിഷ്ട ഉപവകുപ്പ് 1 (എ) പ്രകാരം ഫീസുകളുടെ നിരക്കും അത് ഈടാക്കുന്ന രീതിയും ചട്ടങ്ങളിലൂടെ തീരുമാനിക്കാൻ സർക്കാരിന് അധികാരം നൽകുന്നുണ്ടെങ്കിലും ഈ ഫീസുകളുടെ പരമാവധി പരിധിയോ മാനദണ്ഡങ്ങളോ മാതൃനിയമത്തിൽ വ്യവസ്ഥ ചെയ്യാത്തത് എക്സിക്യൂട്ടീവിന് അമിതാധികാര കൈമാറ്റത്തിന് (Excessive delegation of Legislative power) തുല്യമാണെന്ന് സൂചിപ്പിക്കുകയാണ്. നിയമപരമായ മറ്റൊരു പ്രധാന അപാകത, ബില്ലിലെ ഖണ്ഡം 2 (സി) യാർഡിനെ അംഗീകൃത വാഹന പിടിച്ചെടുക്കൽ യാർഡ് എന്ന് നിർവചിക്കുന്നുണ്ടെങ്കിലും ഇതിന് അംഗീകാരം നൽകാനുള്ള അധികാരം സർക്കാരിനാണോ അതോ മറ്റേതെങ്കിലും ഏജൻസിയ്ക്കാണോയെന്ന് എങ്ങും വ്യക്തമാക്കുന്നില്ല എന്നതാണ്.

ആയതിനാൽ അടിസ്ഥാന സാമ്പത്തിക നിയമനിർമ്മാണ ചട്ടങ്ങൾ ലംഘിക്കുന്ന ഈ ബില്ലിന് അവതരണാനുമതി നൽകരുതെന്നും ഇത് സംബന്ധിച്ച റൂളിങ് നൽകണമെന്നും അഭ്യർഥിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. സി. പി. ജോൺ): സർ, മൂന്ന് കാര്യങ്ങളാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചിട്ടുള്ളത്. അതിൽ ഒന്നാമതായിട്ട്, അംഗവും നമ്മുടെ സഭയും മനസ്സിലാക്കേണ്ട പ്രധാനപ്പെട്ട കാര്യം പ്രസ്തുത ബില്ലിന്റെ ഭേദഗതി ഇവിടെ വേണ്ടിവന്നത് എന്തുകൊണ്ടാണ് എന്നുള്ള യാഥാർഥ്യമാണ്. വാസ്തവത്തിൽ ഈ ബിൽ വേണ്ടിവരാനുള്ള കാരണം 24-06-2025-ൽ പി.പി.പി. അടിസ്ഥാനത്തിലുള്ള യാർഡുകൾ സംബന്ധിച്ച് ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നെങ്കിലും, ആ ഉത്തരവിന് ആക്ടിന്റെ ഭേദഗതിയുടെ പിൻബലമില്ലായിരുന്നു. വാസ്തവത്തിൽ 24-06-2025-ൽ ഭരണാനുമതി ലഭിച്ച ഉത്തരവിന്റെ നടത്തിപ്പിനുവേണ്ടിയുള്ള ഒരു ഭേദഗതിയാണ് ഇപ്പോൾ ഇവിടെ അവതരിപ്പിച്ചിട്ടുള്ളതെന്ന് ഞാൻ ബഹു. അംഗത്തോട് ആദ്യമായി പറയാൻ ആഗ്രഹിക്കുകയാണ്. താങ്കൾ ഉന്നയിച്ച പ്രശ്നങ്ങളിൽ ഒന്ന്, ബിൽ നടപ്പിൽവരുത്തുന്നതിലൂടെ സംസ്ഥാന

സർക്കാരിന്റെ സഞ്ചിത നിധിയിൽനിന്ന് ചെലവുകൾ ഒന്നുംതന്നെ ഉണ്ടാകുന്നില്ല എന്നതാണ്. Approved Vehicle Seizure Yards പി.പി.പി. മോഡലിലാണ് നടപ്പാക്കുന്നത്. 24-06-2025-ൽ തന്നെ ഇതുസംബന്ധിച്ച് തീരുമാനമെടുത്തിട്ടുള്ളതും ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. രണ്ട്, ഫീസുകളുടെ നിരക്കും അവ ഈടാക്കുന്ന രീതിയും വരുമാനം പങ്കിടുന്ന രീതിയും ചട്ടങ്ങളിലൂടെ നിഷ്കർഷിക്കാവുന്നതാണ്. അക്കാര്യം സബ്ജക്ട് കമ്മിറ്റിക്ക് ചർച്ച ചെയ്യാവുന്നതാണ്. മൂന്നാമതായി, Approved Vehicle Seizure Yards-കൾക്ക് അംഗീകാരം നൽകാനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാണെന്നത് ഭരണാനുമതി ഉത്തരവിൽ അസന്ദിഗ്ധമായി വ്യക്തമാക്കിയിട്ടുണ്ട്. അതിനാൽ ഇക്കാര്യത്തിൽ യാതൊരുവിധത്തിലുമുള്ള ambiguity-യും ആവശ്യമില്ലെന്ന് അറിയിക്കുകയാണ്.